# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2854

18.08.2017-ൽ മറുപടി നൽകേണ്ടിയിരുന്നത്

## അപകടകരമായ വീട്ടി മരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഒ.ആർ.കേളു | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) പൊതു സ്ഥലങ്ങളിലും സ്വകാര്യ ഭൂമിയിലും അപകടകരമായ നിലയിൽ നിൽക്കുന്ന വീട്ടി മരങ്ങൾ മുറിക്കുന്നതിന് നിയമപരമായി എന്തെങ്കിലും തടസ്സം ഉണ്ടോ; | (എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ ചുമതലയിൽ സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിൽ നിൽക്കുന്ന മരങ്ങൾ ജീവനും സ്വത്തിനും അപകടമുണ്ടാക്കാൻ സാദ്ധ്യതയുണ്ടെങ്കിൽ അതാത് വകുപ്പ് അധികൃതർ അതാത് ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷൻ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് അപേക്ഷ നൽകുകയും 10.02.2010-ലെ സർക്കാർ ഉത്തരവ് നമ്പർ 68/2010/വനം, തുടർന്നുള്ള 21.04.2010-ലെ സ.ഉ 172/2010/വനം എന്നിവ പ്രകാരം രൂപീകൃതമായിട്ടുള്ള ജില്ലാ സോഷ്യൽ ഫോറസ്ട്രി ഡിവിഷണൽ അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായിട്ടുള്ള വൃക്ഷകമ്മിറ്റി കാലതാമസം വരുത്താതെ പരിശോധിച്ച്, അനിവാര്യമായ സാഹചര്യത്തിൽ മുറിച്ച് മാറ്റാനും അല്ലാത്ത പക്ഷം ശിഖരങ്ങൾ കോതാനുമുള്ള അനുമതി വിലനിർണ്ണയ പത്രിക സഹിതം നൽകുന്നുണ്ട്. സ്വകാര്യ ഭൂമിയിൽ അപകടകരമായി നിൽക്കുന്ന വീട്ടിമരങ്ങൾ മുറിക്കുന്നതിന് 2005-ലെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിലെയും 1986-ലെ കേരള വൃക്ഷ സംരക്ഷണ നിയമത്തിലെയും വ്യവസ്ഥകൾക്ക് വിധേയമായാണ്. |

| | | | |
|---|---|---|---|
| (ബി) | വീട്ടി മരങ്ങൾ മുറിച്ചു മാറ്റുന്നതിലെ നിയമതടസ്സം മാറ്റാൻ നടപടി സ്വീകരിക്കുമോ? | (ബി) | വീട്ടി മരങ്ങൾ മുറിച്ചു മാറ്റുന്നതിന് നിയമ തടസ്സം ഇല്ല. എന്നാൽ പട്ടയഭൂമിയിൽ നിൽക്കുന്ന, സർക്കാരിലേയ്ക്ക് റിസർവ്വ് ചെയ്തിട്ടുള്ള വീട്ടി മരങ്ങൾ മുറിയ്ക്കുന്നതിന് നിയന്ത്രണം ഉണ്ട്. കൂടാതെ കേരള വനേതര പ്രദേശങ്ങളിലെ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമ പ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളിലും, കേരള വൃക്ഷ സംരക്ഷണ നിയമപ്രകാരം നോട്ടിഫൈ ചെയ്തിട്ടുള്ള സ്ഥലങ്ങളിലും നിൽക്കുന്ന വീട്ടി മരങ്ങൾ മുറിയ്ക്കുന്നതിന് ബന്ധപ്പെട്ട നിയമം അനുശാസിക്കുന്ന പ്രകാരമുള്ള നിയന്ത്രണം ഉണ്ട്. |

Vbeena

സെക്ഷൻ ഓഫീസർ